**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1690** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശാസ്ത്ര സാങ്കേതിക മ്യൂസിയം കേരള യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലേക്കായി എത്ര രൂപയാണ് ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു യൂണിവേഴ്സിറ്റി നൽകിയതെന്നും ഏതു വർഷമാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | ശാസ്ത്ര സാങ്കേതിക മ്യൂസിയം കേരള സർവകലാശാലയുടെ അസ്ട്രോണ മിക്കൽ ഒബ്സർവേറ്ററിയിൽ രണ്ട് ടെലസ്കോപ്പുകളും (14 ഇഞ്ച് - 1 എണ്ണം, 8 ഇഞ്ച്- 1 എണ്ണം) അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനായി സർവകലാ ശാല ശാസ്ത്ര സാങ്കേതിക മ്യൂസിയ ത്തിന് 24,15,827/- (ഇരുപത്തിനാലു ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റിയിരുപത്തേഴ് രൂപ) നൽകിയിട്ടുണ്ട്. 2014 ൽ ആണ് സർവകലാശാല ഈ തുക നൽകിയത്. |
| (ബി) | യൂണിവേഴ്സിറ്റിയിൽ നിന്നും ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ഏത് അക്കൗണ്ടിലേക്കാണ് തുക നിക്ഷേപിച്ചതെന്നു വ്യക്തമാക്കാമോ; | (ബി) | The Director, Kerala State Science and Technology Museum ന് പേയബിൾ ആയിട്ടുള്ള അക്കൗണ്ട് പേയീ ചെക്കായി 24,99,000/- രൂപ (ഇരുപത്തി നാലുലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ) യൂണിവേഴ്സിറ്റി അസ്ട്രോണമിക്കൽ ഒബ്സർവേറ്ററി ഡയറക്ടറുടെ അക്കൗണ്ടായ SBI Account No. 57007266778 ൽ നിന്നും 14.03.2014 ന് (Cheque No. 283928 dtd.14.03.2014) നൽകി. മിച്ച തുകയായ 83,173/- രൂപ (എൺപത്തിമൂവായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്ന് രൂപ) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചെക്ക് നമ്പർ 681999 തീയതി 06.01.2016 (SBI Account No. 57036990549) ആയി തിരികെ നൽകി. ഈ തുക നിയമാനുസൃതമായി 21.01.2016 ന് കേരള യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി [Challan No. 527199 dt. 21.01.2016] |
| (സി) | ഇപ്രകാരം തുക നിക്ഷേപിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടോ; യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച തുക ടെലിസ്കോപ്പ് വാങ്ങുന്നതിനു ഉപയോഗിച്ചിട്ടുണ്ടോ; | (സി) | കേരള സർവ്വകലാശാല ഒരു സ്വയം ഭരണ സ്ഥാപനമായതിനാൽ സർക്കാരിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല. പ്രസ്തുത തുക സർവ്വകലാശാല ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആ തുക എന്താവശ്യത്തിനാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കാമോ; | | കൈമാറുന്നതിന് മുൻപ് സർവ്വകലാശാല രജിസ്ട്രാറും ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറുമായി ഇതു സംബന്ധിച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിങ്ങ് (MoU) 26.02.2014 ൽ ഒപ്പു വെയ്ക്കുകയുണ്ടായി (Agreement No. C/2150/13). യൂണിവേഴ്സിറ്റിയിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി ലഭിച്ച തുക 29/03/2014 ൽ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ എച്ച്.ഡി.എഫ്.സി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയുണ്ടായി. എന്നാൽ, ടെലിസ്കോപ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. |
| (ഡി) | യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കുന്നതിനു ആവശ്യമായ തുക ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് ഏതു അക്കൗണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | യൂണിവേഴ്സിറ്റി ഒബ്സർവേറ്ററി ഡയറക്ടറുടെ അക്കൗണ്ടായ SBI No: 57007266778 ൽ നിന്നാണ് ചെക്ക് നൽകിയിട്ടുള്ളത്. |
| (ഇ) | യൂണിവേഴ്സിറ്റിയിൽ ടെലിസ്കോപ്പ് സ്ഥാപിക്കുന്നതിന് നൽകിയ തുക പ്രസ്തുത ആവശ്യത്തിനു ഉപയോഗിച്ചില്ലെങ്കിൽ എന്തിന് ഉപയോഗിച്ചുവെന്നും സ്ഥാപനത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കുമോ എന്നും അറിയിക്കുമോ? | (ഇ) | യൂണിവേഴ്സിറ്റിയിൽ നിന്നും പ്രസ്തുത ആവശ്യത്തിനായി ലഭിച്ച തുക 29/03/2014 ൽ എച്ച്.ഡി.എഫ്.സി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുകയും 02/04/2014 ന് സ്ഥിരനിക്ഷേപം നടത്തുകയും അത് കാലാവധി പൂർത്തിയാക്കി 03/10/2014 ന് എച്ച്.ഡി.എഫ്.സി കറണ്ട് അക്കൗണ്ടിൽ ലഭിക്കുകയും ചെയ്തു. എച്ച്.ഡി.എഫ്.സി ബാങ്കിലെ നിക്ഷേപവും ചെലവും സംബന്ധിച്ച 2013 മുതലുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട്. വിവരങ്ങൾ ലഭിച്ച ശേഷം പരിശോധിച്ച് നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ